# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 858 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ളത്തിന്റെ ഗുണമേന്മ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) ടാങ്കറുകളിൽ കൊണ്ടുവന്നു വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(എ) കേരള വാട്ടർ അതോറിറ്റി ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണ ശാലകളിൽ നിന്ന് നേരിട്ട് ശേഖരിക്കുന്നതാണ്. ഇത് ഗുണമേന്മയുള്ളതാണെന്ന് ശുദ്ധീകരണശാലകളിലെ ലബോറട്ടറികളിൽ ഉറപ്പു വരുത്തുന്നുണ്ട്. സ്വകാര്യ വ്യക്തികൾ ടാങ്കർ ലോറിയിൽ വിതരണം ചെയ്യുന്ന ജലം പരിശോധിക്കുവാനുള്ള നടപടികൾ കേരള ജല അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ല. പക്ഷെ സ്വകാര്യ വ്യക്തികൾക്ക് ഇങ്ങനെയുള്ള ജലം പരിശോധനാ ഫീസ് അടച്ച് പരിശോധിക്കുവാനുള്ള സംവിധാനം ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ/ ജില്ലാ ലാബുകളിൽ ഉണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ലാബിൽ പരിശോധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ടാങ്കറുകളിൽ സൂക്ഷിക്കാറുണ്ടോ;

(ബി) സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013 -ലെ എ1/2013/സി.എഫ്.എസ് ഉത്തരവ് പ്രകാരം ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരം എഫ്.ബി.ഒ ലൈസൻസുകൾ എടുത്തിരിക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/ വിൽപ്പന നടത്താൻ പാടുള്ളൂ.

(സി) ഏത് സ്രോതസ്സിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ചതെന്ന് വ്യക്തമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013 -ലെ എ1/2013/സി.എഫ്.എസ് ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് എഫ്.ബി.ഒ ലൈസൻസ് ഉണ്ടായിരിക്കണം. ഇത്തരം ലൈസൻസുള്ള കുടിവെള്ള സ്രോതസ്സുകളിൽ നിന്നു മാത്രമേ വെള്ളം ശേഖരിക്കാവു.

| | | | |
|---|---|---|---|
| | | | കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബു കളിലോ എൻഎബിഎൽ അക്രഡിറ്റഡ് ലാബുകളിലോ പരിശോധിച്ച് ശുദ്ധമാ ണെന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണം. |
| (ഡി) | സോഡാ കമ്പനികൾക്ക് എന്തെല്ലാം നിബന്ധനകൾ ബാധകമാണ്; ഇവ പരിശോ ധിക്കപ്പെടുന്നുണ്ടോ; നിബ ന്ധന പാലിക്കാത്തവർക്കെ തിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദ മാക്കുമോ? | (ഡി) | സോഡാ കമ്പനികളുടെ നിയന്ത്രണം, നിബന്ധന, പരിശോധന എന്നിവ കേരള ജല അതോറിറ്റിയുടെ പരിധിയിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ